ഭരണഭാഷ – മാതൃഭാഷ

# വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം

മൂന്നാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695033
ഫോൺ: 0471-2302722, ഇ-മെയിൽ : industriesdirectorate@gmail.com

നം: DIC/3007/2021-EE2 തീയതി: 29-01-2025

## പരിപത്രം

വിഷയം:- വ്യവസായം -ജീവനക്കാര്യം- ഹയർ ഗ്രേഡ് റേഷ്യോ പ്രൊമോഷൻ കരസ്ഥമാക്കിയ ജീവനക്കാർ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായി SCORE സോഫ്റ്റ് വെയർ മുഖേന അടിയന്തിരമായി സമർപ്പിക്കേണ്ടത് - സംബന്ധിച്ച് .

സൂചന:- 1) 18/08/2021 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ ) നം. 3113/2021/പൊ.ഭ.വ.

2) ഈ ഓഫീസിൽ നിന്നുള്ള 19/12/2024 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

3) 17/05/2024 തീയതിയിലെ എ 2/163/2023-വ്യവ നമ്പർ സർക്കാർ കത്ത്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടുന്ന എല്ലാ ജീവനക്കാരും ആയത് സമയബന്ധിതമായി SCORE സോഫ്റ്റ് വെയർ ( www.score.kerala.gov.in) മുഖേന സമർപ്പിക്കണമെന്ന് സൂചന (1),(2) അടക്കമുള്ള നിരവധി പരിപത്രങ്ങൾ മുഖേനെ നിരന്തരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എങ്കിലും, ടി നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ജീവനക്കാരും കൃത്യമായി പാലിക്കുന്നതായി കാണുന്നില്ല. വിശിഷ്യാ, **ഹയർ ഗ്രേഡ്, റേഷ്യോ പ്രൊമോഷൻ ലഭിച്ച ജീവനക്കാർ** കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിൽ ബോധപൂർവം അലംഭാവം കാട്ടുന്നതായും, അത്തരത്തിൽ വർഷാവർഷം നിലവിൽ വരുന്ന ഒഴിവുകൾ സ്ഥാനകയറ്റം മുഖേന നികത്തുന്നതിനായി തയ്യാറാക്കുന്ന സെലക്ട് പട്ടികയിൽ Departmental Promotion Committee (DPC) ക്ക് പ്രസ്തുത ജീവനക്കാരെ പരിഗണിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നതായും, ടി മാർഗ്ഗേണ പ്രസ്തുത ജീവനക്കാർ സ്ഥാനകയറ്റം സ്ഥിരമായോ / ഒരു പ്രത്യക കാലയളവ് വരെയോ പരിത്യജിക്കുന്നതായും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിലെ Annexure VI, Para 20 പ്രകാരം, "Those who relinquish regular promotion, whether permanently or for specified periods, will not be given the benefit of TBHG promotions. Similarly, an employee who got the benefit of TBHG promotion will on no account be permitted to relinquish regular promotion to that grade either permanently or for specified periods". എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൽ ആദ്യ ഭാഗം 29/12/1998 ലെ സർക്കാർ ഉത്തരവ്വ പ്രകാരം റേഷ്യോ പ്രൊമോഷനും ബാധകമാക്കിയിട്ടുള്ളതിനാൽ റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുള്ള ജീവനക്കർക്കും റെഗുലർ

പ്രോമോഷൻ relinquish ചെയ്യാൻ വ്യവസ്ഥയില്ല എന്ന് മേൽ സൂചന (3) ലെ സർക്കാർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

KS&SSR- 1958 ന്റെ ചട്ടം 28(b)(i)(4)- "The Confidential Reports of the Officers for the last preceding three years shall be made available to the Departmental Promotion Committee for assessing the merit and ability of an officer. **It is the responsibility of the Reporting Officer to ensure that the confidential reports are written in time in respect of the officers working under him"** എന്ന് നിഷ്കർഷിക്കുന്നു. 22/08/1966 തീയതിയിലെ സർക്കാർ ഉത്തരവ് നം. G.O.(P)344/66/PD- "The Head of every Department/ Office should regard it as his personal and special responsibility to ensure that annual confidential reports are properly maintained in respect of all persons working under his direct or ultimate control" എന്ന് നിഷ്കർഷിക്കുന്നു.

വിവിധ തസ്തികകളിൽ 2025 വർഷത്തിൽ നിലവിൽ വരാൻ സാധ്യത യുള്ള ഒഴിവുകളിലേക്ക് സെലക്ട് പട്ടിക തയ്യാറാക്കുന്ന Departmental Promotion Committee (DPC)-യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്ന സാഹചര്യത്തിലും, മേൽ പ്രതിപാദിച്ച ചട്ടങ്ങൾ / ഉത്തരവുകളുടെ അടിസ്ഥാനത്തിലും, കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടുന്ന എല്ലാ ജീവനക്കാരും (ഹയർ ഗ്രേഡ് , റേഷ്യോ പ്രൊമോഷൻ കരസ്ഥമാക്കിയ ജീവനക്കാർ ഉൾപ്പെടെ), 2022, 2023 & 2024 എന്നീ കലണ്ടർ വർഷത്തിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ യഥാക്രമം SCORE Software ( www.score.kerala.gov.in) മുഖേന അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്. വകുപ്പിലെ എല്ലാ ഓഫീസ് തലവന്മാരും, റിപ്പോർട്ടിംഗ് ഓഫീസർമാരും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഇത് വരെ സമർപ്പിക്കാത്ത **വിശിഷ്യാ, ഹയർ ഗ്രേഡ്, റേഷ്യോ പ്രൊമോഷൻ ലഭിച്ച ജീവനക്കാർ** ആയത് അടിയന്തിരമായി സമർപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ആയതിൽ വ്യക്തിഗത ശ്രദ്ധ നൽകേണ്ടതുമാകുന്നു. സൂചന സർക്കാർ ഉത്തരവുകൾ നിലനിൽക്കെ ബോധപൂർവം ഈ വിഷയത്തിൽ വീഴ്ച വരുത്തുന്ന ജീവനക്കാർ / റിപ്പോർട്ടിങ് ഓഫീസർമാർക്ക് എതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഈ വിഷയത്തിൽ ഇനി മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതല്ല.

**Signed by Rajeeve. C. R**
**Date: 29-01-2025 15:09:53**

RAJEEVE C R
SENIOR ADMINISTRATIVE OFFICER
വ്യവസായ വാണിജ്യ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്:-
1) കയർ വികസന ഡയറക്ടർ, കയർ വികസന ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
2) കൈത്തറി വസ്ത്ര ഡയറക്ടർ, കൈത്തറി വസ്ത്ര ഡയറക്ടറുടെ കാര്യാലയം,

തിരുവനന്തപുരം.

3) എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും.

4) ഡെപ്യൂട്ടി ഡയറക്ടർ, സി എഫ് എസ് സി. ചങ്ങനാശ്ശേരി

5) അസിസ്റ്റന്റ് ഡയറക്ടർ, സി എഫ് എസ് സി. മഞ്ചേരി.

6) ഈ ഓഫീസിലെ ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും.

7) ഡെപ്യൂട്ടി ഡയറക്ടർ, ഐ റ്റി സെക്ഷൻ, DI&C (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).